# മൂന്നാം ലോക കേരള സഭ സമ്മേളനം

# മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം

ഒറ്റ മനസ്സാണെന്നും സകല മലയാളികളും ലോകത്തിന്റെ ഏതു ഭാഗത്തായാലും ഏകോദര സഹോദരങ്ങളാണെന്നും തെളിയിച്ച ഒരുമയുടെ സന്ദേശവുമായാണ് ലോക കേരള സഭയുടെ മൂന്നാം സമ്മേളനം സമാപിക്കുന്നത്. ഈ ഘട്ടത്തിൽ നേരത്തെ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും ഇപ്പോഴെങ്കിലും പങ്കെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം ആദ്യമേ തന്നെ രേഖപ്പെടുത്തട്ടെ.ചെറിയൊരു ശാരീരിക അസ്വസ്ഥത ഉണ്ടായതുകൊണ്ടാണ് നേരത്തെ പങ്കെടുക്കാൻ പറ്റാതിരുന്നത്.ഇപ്പോഴും പൂർണ്ണമായതു വിട്ടിട്ടില്ലായിരുന്നതുകൊണ്ടാണ് നേരിട്ട് ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നത്.കേരളത്തിന്റെ സർവോന്മുഖമായ ഉയർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടി ലോകത്താകെയുള്ള മലയാളികൾ അവരുടെ പ്രതിനിധികളിലൂടെ സ്വയം പുനരുറപ്പിക്കുന്ന മഹത്വമാർന്ന സന്ദർഭങ്ങൾക്കാണ് ഈ സമ്മേളനം സാക്ഷ്യം വഹിച്ചത്.നമ്മുടെ സമൂഹത്തെ വിജ്ഞാന സമൂഹമായും നമ്മുടെ സമ്പദ്ഘടനയെ വിജ്ഞാനസമ്പദ്ഘടനയായും കേരളത്തെ സമസ്ത രംഗങ്ങളിലും വികസിതമായ നാടായും പരിവർത്തിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ ശ്രമങ്ങളിൽ ഈ സഭ അർപ്പിച്ച വിശ്വാസത്തിനും അത് മുൻനിർത്തി നൽകിയ പിന്തുണയ്ക്കും ഹൃദയത്തിന്റെ ഭാഷയിൽ കേരളത്തിനുവേണ്ടി കേരളം ജനതയ്ക്ക് വേണ്ടി ആദ്യമായും നന്ദി പറയട്ടെ.നാം ഒരുമിച്ച് നിന്നാൽ അസാധ്യമായി ഒന്നുമുണ്ടാകില്ല. ഏതു പ്രതികൂല സാഹചര്യത്തെയും അതിജീവിച്ച്കൊണ്ട് അസാധ്യമായതിനെയെല്ലാം സാധ്യമാക്കാനും അതിനുള്ള അസാധാരണമായ വിഭവശേഷിയാണ് നമ്മുടെ കൂട്ടായ്മക്കുള്ളത്.ഈ കൂട്ടായ്മ ഊട്ടിയുറപ്പിച്ചുകൊണ്ടു കേരളത്തെ പുതിയ സഹസ്രാബ്ദത്തിലൂടെ പുതിയ നൂറ്റാണ്ടിലൂടെ കാലത്തിനു ചേരുംവിധം ആധുനികവത്കരിക്കും വികസിപ്പിക്കും അങ്ങനെ ഒരു ക്ഷേമ സമൂഹവും വികസിത നാടും യാഥാർഥ്യമാക്കും.ഈ മഹത്തായ സന്ദേശമാണ് മൂന്നാം സമ്മേളനം ലോകത്തിനു മുന്നിൽ വെയ്ക്കുന്നത് ഇത് പ്രാവർത്തികമാക്കാനുള്ള ഭാവനാ പൂർണ്ണമായ ആസൂത്രണ ശേഷിയും നിർവഹണ ശക്തിയും നമുക്കുണ്ട്. ഈ വിശ്വാസ ധാഢ്യം തന്നെയാണ് കേരളത്തിന്റെ ഭാവി ഭാഗധേയത്തെ സുഭദ്രവും സുരക്ഷിതവുമായ വഴികളിലൂടെ ലക്ഷ്യസ്ഥാനത്തിലെത്തിക്കുന്നതിനുള്ള നമ്മുടെ അടിസ്ഥാന ബോധം തന്നെ. മലയാളികൾ ഇല്ലാത്ത നാടില്ല ഭൂമിയുടെ രണ്ടു അർദ്ധ ഗോളങ്ങളിലും ഒരുപോലെ സാന്നിധ്യമുറപ്പിച്ചിട്ടുള്ള മറ്റൊരു സമൂഹം ലോകത്തിന്റെ മറ്റൊരിടത്തുമുണ്ടാവില്ല. മലയാളികൾ ലോകത്തിന്റെ

ഏതെങ്കിലും ഭാഗത്തു ഏതുസമയവും ഉണർന്നിരിരിക്കും എന്ന് പറഞ്ഞാൽ കർമ്മനിരതരായി ഇരിക്കുന്നു എന്നാണ്.ലോകത്തിന്റെയും മനുഷ്യരാശിയുടെ ആകെയും നന്മയ്ക്കും ഉൽകൃഷ്ണയ്ക്കും വേണ്ടിയാണ്. അവർ ഉണർന്നു പ്രവർത്തിക്കുന്നത്.അതിലൊരു കരുതലുണ്ട് ആ കരുതൽ അവർ ഏതു നാട്ടിൽ ജീവിക്കുന്നുവോ ആ നാട്ടിലെ ജനങ്ങളെകുറിച്ചുള്ളതു മാത്രമല്ല ഈ കേരളത്തെയും കേരളത്തിൽ ജീവിക്കാൻ വിഷമിക്കുന്നവരെക്കുറിച്ചുള്ളതുകൂടിയാണ് ആ കരുതൽ പൂർണമായ തോതിൽ പ്രയോജനപ്പെടുത്തുന്നതിനു കേരളത്തിന് സാധിച്ചു എന്ന് പറഞ്ഞുകൂടാ ആ തിരിച്ചറിവിന്റെ കൂടി പശ്ചാത്തലത്തിലായിരുന്നു ലോക കേരള സഭയ്ക്ക് നാം രൂപം നൽകിയത്. അത് വലിയ മാറ്റമാണ് ഉണ്ടാക്കിയത് കേരളത്തിന്റെ വികസന നയരൂപീകരണങ്ങളിൽ പ്രവാസി മലയാളികൾക്കു നിർണായകമായ പങ്കുണ്ട് എന്നുമാണ് അവരുടെ പണത്തിനു മാത്രമല്ല പ്രതിഭയ്ക്കും നൈപുണ്യത്തിനും ഇവിടെ പ്രസക്തി ഉണ്ട് എന്നുമാണ്. കേരളം പ്രവാസി സമൂഹത്തെയും പ്രവാസി സമൂഹം കേരളത്തെയും നെഞ്ചോട് ചേർത്ത് പിടിക്കുന്ന അവസ്ഥയുണ്ടായി അർഹമായ നിലയിൽ പരിഗണിക്കപ്പെടാതെ ഇരുന്നിരുന്ന ലോക മലയാളി സമൂഹത്തിനായി ലോകത്താദ്യമായി ഒരു വിശ്വ ജനാധിപത്യ പ്രധിനിധി സഭാ വേദി ഉണ്ടായി. ഇത് പ്രവാസി സമൂഹത്തിലും അവരെ ഓരോ ഘട്ടത്തിലും പ്രത്യാശയോടെ ഉറ്റു നോക്കുന്ന കേരളീയ സമൂഹത്തിലും പുതിയ ഒരു ചൈതന്യം പടർന്നു. ആ ചൈതന്യം ഇനി വരും നാളുകളിൽ വികസനമായി, വിജ്ഞാന പ്രസരണമായി,ക്ഷേമ നടപടികളായി കേരളത്തിന്റെ എല്ലാ തലങ്ങളിലും പ്രതിഫലിക്കാൻ പോകുകയാണ്. അതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ഈ പൊതുജനാധിപത്യ വേദിയിൽ ഇന്നലെയും ഇന്നുമായി ഉയർന്നു വന്നത്. അതിന്റെ പ്രായോഗികതയ്ക്കുള്ള മൂർദ്ധമായ തീരുമാനങ്ങളാണ് ഇവിടെയുണ്ടായത്.സഭയുടെ സെക്രെട്ടറിയേറ്റും സർക്കാരും ഇവിടെയുണ്ടായ തീരുമാനങ്ങളെ സംയുക്തമായി പ്രായോഗികമാക്കും. പ്രവാസികൾ ജീവിക്കുന്ന നാടുകളിലേതുപോലെയുള്ള അടിസ്ഥാന സാങ്കേതികവിദ്യ, ഉന്നത വിദ്യാഭ്യാസ വ്യവസായ സൗകര്യങ്ങൾ ഇവിടെ ഉറപ്പുവരുത്തുന്നു. അങ്ങനെയാണ് 25 വർഷങ്ങൾകൊണ്ട് കേരളത്തെ മധ്യ വരുമാന വികസിത രാജ്യങ്ങൾക്കു തുല്യമായ നിലയിലേക്ക് ഉയർത്തുക ഇവിടെയും പ്രവാസി സമൂഹത്തിന്റെ കരുതൽ നമ്മുടെ ബലവത്തായ അടിത്തറയാണ്. പ്രവാസി സമൂഹത്തെക്കുറിച്ചു നമുക്ക് വലിയ തോതിലുള്ള കരുതലുണ്ട് അവരുടെ തിരികെ വരവ് , തുടർന്നുള്ള ജീവിതത്തിന്റെ സുരക്ഷിതത്വം ഇവയിലെല്ലാം ശ്രദ്ധയുണ്ട്.ഇവ സംബന്ധിച്ച് ഇവിടെ ഉയർന്നു വന്ന നിർദ്ദേശങ്ങൾ പഠിച്ച് കേന്ദ്രവുമായി ആലോചിച്ച് ചെയ്യേണ്ടവ അങ്ങനെയും സംസ്ഥാനത്തിനു സ്വന്തമായി ചെയ്യാവുന്നവ ആ വിധത്തിലും മുന്നോട്ടു കൊണ്ടുപോകുന്നു.ഒറ്റ വാചകത്തിൽ പറയട്ടെ പ്രവാസി സമൂഹത്തിനും കേരള

സമൂഹത്തിനുമിടയിൽ ഇനിയൊരിക്കലും കടലുകളുടെ വിടവുണ്ടാവുകയില്ല ഒറ്റ മനസ്സായി നാം മുന്നോട്ടുപോകും.ഇവിടെ 7 ഭൂമിശാസ്ത്രമേഖലാടിസ്ഥാനമാക്കിയുള്ള ഗ്രൂപ്പ് ചർച്ചയും 8 വിഷയമടിസ്ഥാനമാക്കിയുള്ള ഗ്രൂപ്പ് ചർച്ചയുമാണ് ഈ സഭയുടെ ഭാഗമായി നടന്നിട്ടുള്ളത്.ഓരോ ഗ്രൂപ്പ് ചർച്ചയിലും അംഗങ്ങൾ സമയചിത്തത പാലിച്ച് സജീവമായി പങ്കെടുത്തു എന്നത് ആശാവഹമായ കാര്യമാണ്.നിരവധി നിർദ്ദേശങ്ങളാണ് ചർച്ചയുടെ ഭാഗമായി രേഖപ്പെടുത്തിയിട്ടുള്ളതു.നിങ്ങളുടെ എല്ലാ നിർദ്ദേശങ്ങളും ഗൗരവമായി തന്നെ പരിഗണിക്കുന്നതാണ്.അവയെല്ലാം ലോക കേരള സഭ സെക്രെട്ടറിയേറ്റും അനുബന്ധ സംവിധാനങ്ങളും വിശദമായി പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളും.ലോക കേരള സഭയുടെ മേഖലാ തല സമ്മേളനങ്ങളെക്കുറിച്ചു നിങ്ങൾ ചർച്ച ചെയ്യുകയുണ്ടായി കഴിഞ്ഞ കാലത്ത് അത്തരമൊരു ആലോചനയുണ്ടായിരുന്നുവെങ്കിലും കൂടുതൽ സമ്മേളനങ്ങൾ ചേരാൻ നമുക്ക് കഴിഞ്ഞിരിന്നില്ല.എന്നാൽ ചില ശ്രമങ്ങൾ നടന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകും ലോക കേരള സഭ സെക്രട്ടേറിയറ്റ് നിശ്ചയിക്കുന്ന കാര്യ പരിപാടികൾക്കും സമയക്രമത്തിനും വിധേയമായി തദ്ദേശികമായി സംഘടിപ്പിക്കപ്പെടുന്ന ലോക കേരള സഭ അതതു പ്രദേശങ്ങളുടെ സവിശേഷതകൾക്കു ഇണങ്ങും വിധം വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കാം.ഈ പരിപാടികളുടെ സംഘാടനത്തിനും ക്രോഡീകരണത്തിനുമുള്ള വേദിയായി ഇത്തരം യോഗങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.നിങ്ങൾ ഗൗരവമായി തന്നെ ചില നിർദ്ദേശങ്ങൾ ഉന്നയിക്കുകയുണ്ടായി കേരളത്തെ വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുക ലക്ഷ്യമിട്ടു ഉന്നത വിദ്യാഭ്യാസ രംഗത്ത് കാര്യമായ മാറ്റങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ എന്നത് നിങ്ങൾ മനസിലാക്കിയിട്ടുണ്ടാകും.ഇവിടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകേണ്ട വികസനത്തെകുറിച്ച് ഒട്ടേറെ അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടു സർക്കാർ ഇപ്പൊ ചെയ്തിട്ടുള്ള കാര്യങ്ങൾ നിങ്ങൾ മനസിലാക്കിയിട്ടുണ്ടാകും എങ്കിലും പ്രവാസികളായതുകൊണ്ടു ചില കാര്യങ്ങൾ വിട്ടു പോയിട്ടുണ്ടെകിൽ അതൊരിക്കൽ കൂടി ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. 2016ൽ എൽ ഡി എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ ഊന്നൽകൊടുത്തതു അന്ന് തകർന്നു കൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസമേഖലയെ സംരക്ഷിക്കുന്നതിനായിരുന്നു.അന്ന് പൊതുവിദ്യാഭ്യാസ മേഖലയുടെ കാര്യത്തിൽ തല്പരരായിട്ടുള്ളവരുടെ യെല്ലാം മനസ്സിൽ വല്ലാത്തൊരു നീറ്റലാണ് ഉണ്ടായത് ആ ശ്രമം ആ ദൗത്യം പൊതുവിദ്യാഭ്യാസ യജ്ഞത്തിലൂടെ നാം ഏറ്റെടുത്തപ്പോൾ നിങ്ങളിൽ പലരും ഓരോ പ്രദേശത്തും അതിന്റെ ഭാഗമായി മാറിയിട്ടുണ്ടാകാം.അത് നമുക്ക് നല്ല വിജയത്തിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു. ആ ഘട്ടത്തിലെ സ്കൂളുകൾ അടഞ്ഞു പോകുന്ന

നിലയിലായിരുന്നു. 5 ലക്ഷം വിദ്യാർത്ഥികളുടെ കുറവ് സംഭവിച്ച കാലമായിരുന്നു പൊതുവിദ്യാഭ്യാസ മേഖലയിൽ എന്നാൽ ഇന്ന് പൊതുവിദ്യാഭ്യാസ സ്ഥാപനത്തെ പറ്റി അത്തരമൊരു നീറ്റൽ ആരുടേയും മനസ്സിൽ ഇല്ല നമുക്ക് തിരിച്ചു പിടിക്കാൻ കഴിഞ്ഞുവെന്നു മാത്രമല്ല രാജ്യത്തു അഭിമാനാർഹമായ നേട്ടം കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലക്ക് നേടാൻ കഴിഞ്ഞിരിക്കുന്നു.നീതി ആയോഗും മറ്റ് ഉത്തരവാദിത്തപ്പെട്ട ഏജൻസികളും എല്ലാം ഇന്ത്യയിലെ നമ്പർ വൺ സ്ഥാനത്തു കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ പ്രതിഷ്ഠിക്കുന്നു. 5 ലക്ഷം വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്ന സ്ഥാനത്തു ഇപ്പോൾ 6 വർഷം കഴിഞ്ഞു നോക്കുമ്പോൾ പത്തു ലക്ഷം വിദ്യാർഥികൾ വർധിച്ച അവസ്ഥയാണ് ഉണ്ടായിരിക്കുന്നത് ഇത് കഴിഞ്ഞ കാലം എന്നാൽ ഈ 2021 ൽ എൽഡിഎഫ് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ വച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം ഉന്നത വിദ്യാഭ്യാസമേഖല വലിയ തോതിൽ ശാക്തീകരിക്കും എന്നാണ് അതിന്റെ ഭാഗമായുള്ള ഒട്ടേറെ കാര്യങ്ങൾ ഇപ്പൊ നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നു.ഞാൻ മറ്റു കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല.ഈ വർഷം അതായത് 2021 ൽ അധികാരത്തിൽ അധികാരത്തിൽ വന്ന എൽ ഡി എഫ് സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റില് ഈ വർഷത്തെ ബഡ്ജെറ്റില് ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ വേണ്ടി തയ്യാറെടുത്തു എന്ന കാര്യം മാത്രമേ ഞാൻ ഇപ്പൊ ഓര്മിപ്പിക്കുന്നുവുള്ളു. അത് നിങ്ങൾ പലരും മനസിലാക്കിയിട്ടുണ്ടാകും എന്നാൽ നിങ്ങളുടെ ആഗ്രഹത്തിനനുസരിച് സർക്കാർ നീങ്ങുന്നുവെന്നു വ്യക്തമാക്കുന്നതിനുവേണ്ടിയാണ്.ഇവിടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഭാഗമായി നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വലിയതോതിൽ ശാക്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി ക്ലാസ് ടെസ്റ്റ് ലാബുകൾ വരാൻ പോകുന്നു. അതോടൊപ്പം തന്നെ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുതകുന്ന ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ ഉയർന്നു വരാൻ പോകുന്നു. ഈ സർവകലാശാല ക്യാമ്പസുകളിൽ ട്രാൻസ്സിസ്റ്ററി റിസെർച് സെന്ററുകൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനോട് ചേർന്ന് സ്റ്റാർട്ടപ്പുകൾ ഉണ്ടാകും.ഇൻക്യൂബേഷൻ സെന്ററുകൾ ഇതിനെല്ലാം കൂടി ഇത്തവണത്തെ ബഡ്ജെറ്റിൽ തന്നെ 200 കോടി രൂപ മൊത്തമായി നീക്കിവയ്ച്ചിരിക്കുകയാണ്. ഓരോ സർവകലാശാലയ്ക്കും 20 കോടി രൂപ വീതം നീക്കി വയ്ച്ചിരിക്കുന്നു. സർവകലാശാല കാമ്പുസുകളില് ഇതേപോലെ പോയിക്കൂടാ എന്നതാണ് സർക്കാർ കാണുന്നത് അതിനു അടിമുടി മാറ്റം വേണം. അതിന്റെ ഭാഗമായിട്ടുള്ള വലിയതോതിലുള്ള മാറ്റം സർവകലാശാല കാമ്പസുകളില് വരാൻ

പോവുകയാണ്.ഉള്ളടക്കത്തില് അക്കാദമിക് തലത്തിലും കോഴ്സുകളുടെ തലത്തിലും എല്ലാം മാറ്റങ്ങൾ വരാൻ പോകുന്നു.അതിന്റെ ഭാഗമായി പുതിയ കോഴ്സുകൾ അതോടൊപ്പം തന്നെ പുതിയ ഹ്രസ്വകാല കോഴ്സുകൾ പിജി കോഴ്സുകൾ എല്ലാം ഇതിന്റെ ഭാഗമായി വരാൻപ്പോകുന്നു. പ്രത്യേക പ്രൊജെക്ട് ബോർഡിൽ ആരംഭിക്കുന്ന പദ്ധതി ഇതിന്റെ ഭാഗമായി വരാൻ പോവുകയാണ്.ഓരോ യൂണിവേഴ്സിറ്റിയിലും 3 പ്രോജെക്റ്റുകള് ഈ വര്ഷം ആരംഭിക്കുമെന്നാണ് കണ്ടിട്ടുള്ളത്. ഇതിനുവേണ്ടി ഇത്തവണത്തെ ബഡ്ജെറ്റിൽ തന്നെ 20 കോടി രൂപ മാറ്റി വയ്ച്ചിട്ടുണ്ട്.നവ കേരളം പോസ്റ്റ് ഡോക്ടർ ഫെല്ലോഷിപ്പ് 500 പേർക്ക് നൽകുമെന്നാണ് പ്രഖ്യാപിച്ചത്.ഈ വര്ഷം 150 പേർക്ക് നൽകണമെന്നാണ് ഞങ്ങൾ കണ്ടിരുന്നത്. പക്ഷെ അതിപ്പോ കൊടുത്തു വന്നപ്പോൾ 70 പേർക്ക് കൊടുക്കാൻ കഴിഞ്ഞത്. ഇത് നവകേരള സൃഷ്ടിക്ക് സഹായകരമായതാണ്.ഇവിടെ നിർത്തലല്ല ഈ 150 ലും നിൽക്കയല്ല. 500 ലേക്ക് തന്നെ അത് എത്തിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. അകാദമിക് ഗവേഷണം വലിയ തോതിൽ മെച്ചപ്പെടുത്താനും അഭിവൃദ്ധിപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്.ആ ഗവേഷണം എന്ന് പറയുന്നത് നാടിന്റെ പ്രശ്നങ്ങൾകൂടി മനസിലാക്കുന്നതിനും പരിഹരിക്കുന്നതിനും അതിനാവശ്യമായ സഹായം ലഭിക്കുന്നതിനും കൂടിയായിരുന്നു.അത്തരത്തിലുള്ള ഗവേഷകരെ പ്രോത്സാഹിപ്പിക്കുക എന്നത് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെയെല്ലാം ഭാഗമായി നമ്മുടെ കേരളത്തില് യൂണിവേഴ്സിറ്റികളിലെ ഹോസ്റ്റൽ സൗകര്യങ്ങൾ വലിയതോതിൽ മെച്ചപ്പെടുത്തുകയാണ്.1500 ഹോസ്റ്റൽ മുറികൾ വരും അതില് 250 എണ്ണം നല്ല സൗകര്യമുള്ള അന്താരാഷ്ട്ര നിലവാരമുള്ള ഹോസ്റ്റൽ മുറികലായിട്ടു വരുകയാണ് .ഇതിനായി 100 കോടി രൂപ ഇത്തവണത്തെ ബഡ്ജെറ്റിൽ നീക്കിവയ്ച്ചിരിക്കുന്നു.ഇത് നമ്മുടെ കേരളത്തിലേക്ക് സംസ്ഥാനത്തിന് പുറത്തു മാത്രമല്ല രാജ്യത്തിന് പുറത്തുനിന്ന് തന്നെ വിദ്യാർഥികളെ ആകര്ഷിക്കത്തക്ക രീതിയിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് നിലവാരം ഉയരുമെന്ന വിശ്വാസം തന്നെയാണ് ഈ നടപടികൾ സ്വീകരിക്കുന്നത്.അതോടൊപ്പം പുതിയ തലത്തിലുള്ള ചില സൗകര്യങ്ങൾ കൂടി ഒരുക്കുകയാണ്.അതായത് ചെറിയ വ്യവസായി യൂണിറ്റ് ആധുനിക സാങ്കേതിക സൗകര്യമുള്ള വ്യവസായി യൂണിറ്റ് സ്റ്റാർട്ടപ്പുകൾ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളോടും പോളിടെക്നിക്കുകളോടും ഐടിഐകളോടും ആർട്സ് ആൻഡ് സയൻസ് കോളേജുകളോടും അനുബന്ധമായിക്കൊണ്ട് ഇത്തരത്തിലുള്ള സംരംഭങ്ങൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സാമ്പത്തികോത്പാദന പ്രക്രിയയിൽ പങ്കാളികളാകാൻ കഴിയും.പരിശീലനം നേടാം

വരുമാനം ഉണ്ടാക്കാം നല്ല രീതിയിൽ പതിനാലു ജില്ലകളിലും ബാലറ്റ് പദ്ധതി ആരംഭിക്കുകയാണ്.ഇതിനുവേണ്ടി 25 കോടി രൂപ ഇത്തവണത്തെ ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്നതു.സംസ്ഥാനത്ത് ശതമായ സ്കിൽ ഇൻഫ്രാസ്ട്രചർ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.അത് സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സ്കിൽ പാർക്കുകളുണ്ടാകും.നിങ്ങൾ നൈപുണ്യ വികസനത്തെ പറ്റി വല്ലാതെ ഉത്കണ്ഠപ്പെടുകയുണ്ടായി.ഇത്തവണത്തെ ബഡ്ജറ്റിൽ തന്നെ ആക്കാര്യം കൃത്യമായി പറഞ്ഞിട്ടുണ്ട്.350 കോടി രൂപയാണ് അതിനു വേണ്ടി കണ്ടിരിക്കുന്നത്.ഓരോ പാർക്കിനും 10,25 ഏക്കർ ഭൂമി ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നു.പ്രമുഖ സ്ഥാപങ്ങൾക്കാണ് ഈ സ്ഥലം നൽകുക.അതിൽ ഫീ സബ്സിഡി അതുപോലുള്ള കാര്യങ്ങൾ എസ് ടി ,എസ് സി മൽസ്യതൊഴിലാളി,ഭിന്നശേഷി, ട്രാൻസ്ജെന്ററർ വിഭാഗങ്ങൾക്ക് ഈ സബ്സിഡി അനുവദിക്കാൻ ഉദ്ദേശിക്കുന്നു.മറ്റെല്ലാ വിദ്യാർത്ഥികൾക്കും മെറിറ്റടിസ്ഥാനത്തിൽ സ്കോളർഷിപ് സ്കീം,പലവിധത്തിലുള്ള സബ്സിഡികൾ ഇതിന്റെയെല്ലാം ഭാഗമായി ഉണ്ടാകും.കാരണം നമ്മുടെ യുവത നൈപുണ്യം വികസിപ്പിച്ചെടുക്കണം എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.ഇതോടൊപ്പം തന്നെ നിയോജകമണ്ഡലത്തിൽ ഒരു സ്ഥാപനം സ്കിൽ കോഴ്സ് നടത്തുന്ന സ്ഥാപനമാക്കി മാറ്റാനുദ്ദേശിക്കുന്നു.അതിൽ ആർട്സ് ആൻഡ് സയൻസ് കോളേജ് ഉണ്ടാകും,പ്രൊഫെഷണൽ കോളേജ് ഉണ്ടാകും, പോളിടെക്നിക്കും ഉണ്ടാകും ഐ ടി ഐ ഉണ്ടാകും.ഇതിനെല്ലാം കൂടി സംസ്ഥാനത്ത് 140 കോടി രൂപ അതിനും വകയിരുത്തിയിട്ടുണ്ട്. ഇവിടെ തിരുവന്തപുരത്ത് ഒരു മെഡിക്കൽടെക് ഇന്നോവേഷൻ പാർക്ക് അതിനു 100 കോടി രൂപയാണ് മാറ്റിവയ്ച്ചിരിക്കുന്നതു. പ്രധാന പ്രവർത്തനം ഇൻക്യൂബേഷൻ തന്നെയാണ്.ഇതിൽ നമ്മൾ കാണേണ്ട ഒരു കാര്യം കെ ഡിസ്ക് ഒരു കേരള ജിനോം ഡാറ്റ സെന്റര് സ്ഥാപിക്കാനുള്ള ശ്രമം നടന്നു.ജിനോമിക് ഡാറ്റ സംഭരിക്കാനും സംസ്കരിക്കാനും കഴിവുള്ള ഉയർന്ന ശേഷിയുള്ള ഡാറ്റ സെന്റര് സ്ഥാപിക്കാനാണു ഉദ്ദേശിക്കുന്നത്.കേരള സർവകലാശാലയുമായി സഹകരിച്ചുകൊണ്ടാണ് ആ നടപടികൾ നീങ്ങുന്നത്.പദ്ധതിക്ക് 5 വർഷം കൊണ്ടു 500 കോടി രൂപ ചെലവ് വരും.ഇത്തവണ 50 കോടി രൂപ അതിനു വകയിരിത്തിയിരിക്കുകയാണ്. ഇവിടെ വിവിധ മേഖലകളിൽ നാം കടന്നുപോവുകയാണ് നിങ്ങൾ പ്രവാസി സഹോദരങ്ങൾ മനസിലാക്കേണ്ട ഒരു കാര്യമായതുകൊണ്ടു അതുകൂടി ഞാൻ ഈ ഘട്ടത്തിൽ വ്യക്തമാക്കുകയാണ്.ഇപ്പൊ മൈക്രോ ബയോ മനുഷ്യ ശരീരം, ചർമ്മം, മണ്ണ് എന്നിവയുടെ സൂഷ്മാണുക്കക്കളെക്കുറിച്ചുള്ള പഠനമാണ്.ആ മൈക്രോബയോമിൻ കേരളത്തിൽ ഒരു സ്ട്രാറ്റജിക് പ്രോഗ്രാമ്മും സെന്റര് ഓഫ്

എക്സലൻസും രൂപീകരിക്കാൻ കെ ഡിസ്ക്കിനു കീഴിൽ നടപടി ആരംഭിച്ചിട്ടുണ്ട്.അതിന്റെ പ്രാരംഭ ചെലവിനായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട ഭാഗമാണ് ന്യൂട്രാസ്യൂട്ടിക്കൽസ് മികവിന്റെ കേന്ദ്രം ന്യൂട്രാസ്യൂട്ടിക്കൽ എന്ന് പറയുമ്പോൾ രോഗപ്രതിരോധത്തിനും രോഗ ചികിത്സയ്ക്കും പ്രയോജനകരമാകുന്ന ഭക്ഷണമോ ഭക്ഷണത്തിന്റെ ഭാഗമായ ഏതെങ്കിലും പദാർത്ഥമോ ന്യൂട്രാസ്യൂട്ടിക്കൽസിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ 25 ലക്ഷം രൂപ വകയിരിത്തിയിരിക്കുകയാണ്.മറ്റൊരു ഭാവി കാര്യം കണ്ടുകൊണ്ടുള്ള നടപടിയാണ് ഗ്രാഫിനുമായി ബന്ധപ്പെട്ടു ഗ്രാഫിൻ വജ്രത്തേക്കാൾ 40 ഇരട്ടി ഉരുക്കിനേക്കൾ 200 ഇരട്ടി ശക്തിയേറിയ അതീവ നേർത്തതായ പദാർത്ഥം നിങ്ങളിൽ പലർക്കും അതിനെക്കുറിച്ച് അറിയാമായിരിക്കും.ഇന്ത്യ ഇന്നോവേഷൻ സെന്റര് ഫോർ ഗ്രാഫിൻ കേരള സർക്കാരും ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും സംയുക്തമായി സി-മാറ്റിനെയും ഡിജിറ്റൽ സർവകലാശാലയും നിർവഹണ ഏജൻസികളും ടാറ്റാ സ്റ്റീൽ ലിമിറ്റഡിനെ വ്യാവസായിക പങ്കാളികളുമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഗ്രാഫിൻ സംബന്ധിച്ചു ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്ന അറിവിന്റെ കേന്ദ്രമായി ഈ സ്ഥാപനത്തെ വളർത്തുന്നു കേന്ദ്രസർക്കാർ ഭരണാനുമതി നൽകി കഴിഞ്ഞു. 15 കോടി രൂപ സംസ്ഥാനം ആദ്യഘട്ടത്തിൽ വകയിരുത്തുകയും ചെയ്തു.ഇന്നത്തെ ലോകം 5 ജി നെറ്റ്വർക്കിന്റെ കാലമാണ്. 5 ജി നെറ്റ്വർക്ക് വ്യാപിപ്പിക്കാൻ പ്രോത്സാഹനം കേന്ദ്രബഡ്ജറ്റിൽ തന്നെ പറഞ്ഞിട്ടുണ്ട്. നമ്മളിവിടെ 5 ജി സേവനരംഗത്തു മുന്നിലെത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഈ ബഡ്ജെറ്റിൽ തന്നെ കണ്ടിട്ടുണ്ട്.ഇതിനായി ഒരു പാക്കേജ് തയ്യാറാക്കുമെന്നും കണ്ടിരിക്കുകയാണ്.ഇവിടെ 4 വിപുലീകൃത ഐടി ഇടനാഴികൾ അവിടെയാണ് 5 ജി ലീഡർഷിപ് പാക്കേജ് ആദ്യം അവതരിപ്പിക്കുക.ഇതിനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കാൻ കണ്ടിട്ടുണ്ട്.അതിന്റെ ഭാഗമായി 4 ഐടി ഇടനാഴികൾ നമ്മുടെ ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേക്ക് എറണാകുളത്ത് നിന്ന് ഒരട്ടിയിലേക്ക് എറണാകുളത്ത് നിന്ന് ചേർത്തലയിലേക്ക് കോഴിക്കോട്ട് നിന്ന് കണ്ണൂരിലേക്ക്.അതോടൊപ്പം കണ്ണൂരിൽ പുതിയ ഐ ടി പാർക്ക് കൊല്ലത്ത് 5 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഐ ടി സൗകര്യം ഇതെല്ലം പുതുതായി നിർമിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം തന്നെ എൻഎച്ച് 66ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന ഐടി പാർക്കുകൾ ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നു.15,20 ഏക്കർ ഭൂമി പൊന്നുംവിലക്ക് വാങ്ങും.അവിടെ സാറ്റലൈറ്റ് ഐ ടി പാർക്ക് സ്ഥാപിക്കും.50000

മുതൽ 2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള 20 ചെറിയ പാർക്കുകൾ സ്ഥാപിക്കാനാണു ഉദ്ദേശിക്കുന്നു.നിലവിലുള്ള ഐ ടി പാർക്കുകളിൽ 2 ലക്ഷം പുതിയ തൊഴിലവസരം ഒരുക്കുകയാണ്.അപ്പൊ ഐ ടി രംഗത്ത് വലിയ തോതിലുള്ള മാറ്റം ഈ പുതിയ ഐ ടി പാർക്കുകൾ സ്ഥാപിക്കുവാൻ സ്ഥാപിക്കുവാൻ ആയിരം കോടി രൂപ അതിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിന്റെ കൂടെ തന്നെ നമ്മുടെ യുവജനങ്ങളെ കണക്കാക്കികൊണ്ടു 5000 പഠിച്ചുവന്ന കുട്ടികൾക്ക് ഇൻറ്റേൺഷിപ് നൽകാൻ 5000 പേർക്ക് ഈ വർഷം ഇൻറ്റേൺഷിപ് നൽകാനുള്ള പരിപാടി.അഭ്യസ്തവിദ്യരായവർക്ക് 6 മാസത്തെ പരിശീലന പദ്ധതി ഐ ടി സ്ഥാപനങ്ങളിലും മറ്റു വ്യവസായ സ്ഥാപനങ്ങളിലും 5000 രൂപയാണ് സർക്കാർ നൽകുക.ഏറ്റവും ചുരുങ്ങിയത് അത്രയും തുക സ്ഥാപന ഉടമയും നൽകണം ചുരുങ്ങിയത്.ഇതൊക്കെ ഇത്തവണ തന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ള കാര്യങ്ങളായിരുന്നു. നേരത്തെ തന്നെ പ്രഖ്യാപിച്ചോരു കാര്യം നമ്മുടെ കോവിഡ് സൃഷ്ടിച്ച പുതിയ സാഹചര്യം നിങ്ങൾക്കെല്ലാവർക്കും അറിയാം അതിനെക്കുറിച്ചു.പക്ഷെ ഒരു പുതിയ സാധ്യതയും അതോടൊപ്പം കോവിഡിന്റെ ഭാഗമായി ഉണ്ടായി.ആ സാധ്യതയാണ് നാം പരിശോധിക്കാൻ പുറപ്പെടുന്നത്.കോവിഡിന്റെ ഭാഗമായി ആയിരകണക്കിന് ആളുകൾ ജോലി ചെയ്തിരുന്ന സ്ഥലത്തു അവിടെ ആരുമില്ലാത്ത അവസ്ഥയാണ്. എല്ലാവരും വീട്ടിൽ പോയി ജോലിചെയ്യുന്നവരെയുള്ളു.അപ്പൊ അങ്ങനെയാണെങ്കിൽ വർക്ക് ഫ്രം ഹോം എന്നത് വികസിപ്പിച്ചു കൂടെ.അതിന്റെകൂടെ വർക്ക് നിയർ ഹോം ആയും ആ ഒരു ആലോചനയുടെ ഭാഗമായിട്ടാണ് ഇവിടെ കേരളത്തിൽ അത്തരത്തിൽ ഒരു പരിപാടി ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചത്.കെ ഡിസ്ക് അതിനു നേതൃത്വം കൊടുക്കുകയാണ് ഏതായാലും 20 ലക്ഷം പേർക്കെങ്കിലും അതിലൂടെ തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 50 കോടി രൂപ അതിനു വേണ്ടി മാറ്റി വയ്ച്ചിട്ടുണ്ട്.ഇവിടെ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ,പൊതുമേഖല സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആരംഭിക്കാനും കണ്ടിട്ടുണ്ട്.നമ്മുടെ സ്വകാര്യസംരംഭകർക്ക് സാങ്കേതിക സഹായവും സ്ഥല സൗകര്യവും അനുവദിക്കുന്നതിന് വേണ്ടിയാണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് ആയിരം കോടി രൂപ മുതൽ മുടക്കിൽ നാല് സയൻസ് പാർക്കുകൾ. ഒന്ന് തിരുവന്തപുരത്തും മറ്റൊന്നു കൊച്ചിയിൽ മൂന്നാമത്തേത് കണ്ണൂർ എയർപോർട്ടുകളുടെ സമീപമാണ്.അതോടൊപ്പം ഡിജിറ്റൽ യൂണിവേഴ്സിറ്റി നമുക്കുണ്ട്.ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഒരു ഡിജിറ്റൽ സയൻസ് പാർക്ക് ഓരോ സയൻസ്

പാർക്കിനും 2 ബ്ലോക്കായിരിക്കും.200 കോടി രൂപ മുതൽ മുടക്കിൽ 10 ലക്ഷം ചതുരശ്ര അടി വിസ്തീർണം ഓരോ പാർക്കിനും.പാർക്കിൽ ശാസ്ത്ര ഗവേഷണ മേഖലകൾക്കായിരിക്കും വലിയ തോതിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നത്.ഈ തരത്തിൽ നമ്മുടെ നാട് മാറുന്നതിനുള്ള നടപടികളുമായിട്ടാണ് നീങ്ങുന്നത് എന്ന് നിങ്ങൾ മനസിലാക്കണം എന്നുള്ളതുകൊണ്ടാണു ഞാൻ ഇത്രയും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത്.ഇനിയും കുറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും അതിലേക്കൊന്നും ഞാൻ പോകുന്നില്ല.എന്നാൽ തലസ്ഥാന നഗരിയിൽ തിരുവന്തപുരം ഔട്ടർ റിങ് റോഡ് അത് യാഥാർഥ്യമാകാൻ പോവുകയാണ്. യാഥാർഥ്യമാകുന്നതോടെ തലസ്ഥാന നഗരിയുടെ വികസനം വലിയ തോതിലാണ് സംഭവിക്കാൻ പോകുന്നത്.അതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ആയിരം കോടി രൂപ കിഫ്ബി മുഖേന നൽകുമെന്ന് ഈ കഴിഞ്ഞ ബഡ്ജറ്റിൽ വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ട്. ഇപ്പൊ കേന്ദ്ര ഗവൺമെന്റും തീരുമാനമെടുത്തുക്കഴിഞ്ഞു.അതിന്റെ ഭാഗമായുള്ള നടപടികളിലേക്ക് സർക്കാർ അതിവേഗത്തായി നീങ്ങിക്കൊണ്ടിരിക്കുകയാണ്.ചെറിയൊരു കാര്യം എന്നാൽ മഹാകാര്യമാണു.നമ്മുടെ സംസ്ഥാനത്ത് പൊതുസ്ഥലങ്ങൾ വളരെ കുറഞ്ഞു വരികയാണ്.അപ്പൊ ഓരോ വില്ലേജിനും നല്ലരീതിയിൽ കളിസ്ഥലങ്ങൾ പൊതുസ്ഥലം ഉണ്ടാകണം.അത് ചിലതു സർക്കാർ ചിലവിട്ട് എടുക്കും ചിലതു പഞ്ചായത്തു തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും, എംഎൽഎ ഫണ്ട്,എംപി ഫണ്ട് അതെല്ലാം അതിനുവേണ്ടി ഉപയോഗിക്കാം.അങ്ങനെ കഴിയാവുന്ന രീതിയിൽ പൊതുസ്ഥലങ്ങൾ ഉണ്ടാക്കണം എന്നാണ് ഉദ്ദേശിക്കുന്നത്.ഒരുപാട് വികസനപദ്ധതികൾ ഉണ്ട് അതിലേക്കൊന്നും ഇപ്പൊ ഞാൻ വിശദമായിട്ടു പോവുന്നില്ല.എന്നാൽ മറ്റൊരു കാര്യം നമ്മുടെ സംസ്ഥാനത്ത് നമ്മുടെ കൂട്ടത്തിൽ തന്നെ പരമദരിദ്രരായ ഏതാനും കുടുംബങ്ങൾ അവരെത്രയുണ്ട് എന്നുള്ളതിന്റെ കണക്കെടുത്തിട്ടുണ്ട്.ആ ആളുകളെ കണ്ടെത്തി കഴിഞ്ഞിട്ട് അവരെ അതിദാരിദ്രാവസ്തയിൽ നിന്ന് മാറ്റേണ്ടതായിട്ടുണ്ട്.ഇത്തവണ 100 കോടി രൂപ സംസ്ഥാന സർക്കാർ ഇക്കാര്യത്തിനുവേണ്ടി മാറ്റിവെച്ചിട്ടുണ്ട് എന്നാൽ അത് പോരാ എന്ന് നമുക്കറിയാം തുടർന്ന് നടപടികൾ സ്വീകരിക്കും.സർക്കാർ മാത്രമല്ല തദ്ദേശഭരണ സ്ഥാപനങ്ങളുണ്ടാകും.അതോടൊപ്പം തന്നെ അവിടെയുള്ള സ്വകാര്യ സ്ഥാപങ്ങൾ സ്വകാര്യ വ്യക്തികൾ പലതരത്തിലാണ് ഈ അതിദാരിദ്ര്യ നിർമാർജനം സാധിക്കുക.അപ്പൊ എങ്ങനെയാണ് ഒരു കുടുംബത്തിൽ നിന്ന് അവരെ പരമദരിദ്രാവസ്ഥയിൽനിന്നു മോചിപ്പിക്കാൻ കഴിയുക.ചിലപ്പോ ഒരാൾക്ക് വീടുകൊടുത്താൽ ആ പരമ ദരിദ്രാവസ്ഥായിൽനിന്നു മോചിപ്പിക്കാനാവും.ചിലപ്പോ തൊഴിലെടുക്കാൻ പറ്റാത്തയാളാണെങ്കിൽ മറ്റുള്ള

നടപടികളെടുക്കും.അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാമെന്നാണ് കണ്ടിരിക്കുന്നതു.ഇവിടെ വിദ്യാഭ്യാസ മേഖലയിൽ നിങ്ങൾ ഉന്നയിച്ച കാര്യങ്ങൾ അതീവ ഗൗരവമായിട്ടു തന്നെയാണ് കാണുന്നത്.നിങ്ങൾ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ വേണം എന്ന തരത്തിൽ അഭിപ്രായപ്പെടുകയുണ്ടായി.അക്കാര്യത്തിൽ നിങ്ങളുടെ പ്രവാസി കൂട്ടായ്മക്ക് നല്ല ഒരു വിദ്യാഭ്യാസ സ്ഥാപനം ഉന്നതനിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപിക്കുവാൻ കഴിയും.അതിനു എന്തെല്ലാം തരത്തിലുള്ള പിന്തുണ സർക്കാർ നൽകേണ്ടതുണ്ടോ ആ പിന്തുണയെല്ലാം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകും.ഏറ്റവും മികവുറ്റ ഒരു കേന്ദ്രമായിരിക്കണം എന്ന് മാത്രം.ഇവിടെ മറ്റു ചില കാര്യങ്ങൾ നിങ്ങൾ ചൂണ്ടികാണിക്കുകയുണ്ടായി.നമ്മുടെ വ്യവഹാരങ്ങളൊക്കെ വേഗത്തിലാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നു നടപടികൾ വേണം.ആ നടപടികൾ ഇപ്പൊ നല്ല നിലക്ക് സ്വീകരിച്ചിട്ടുണ്ട്.നമ്മുടെ കേരളത്തിലെ ഹൈക്കോടതി പൂർണമായും ഡിജിറ്റലായി മാറി കഴിഞ്ഞു.സംസ്ഥാനത്തെ കീഴ്കോടതികളിലും ഡിജിറ്റലൈസേഷന്റെ പാതയിലാണ് പോവുന്നത്.അപ്പൊ സമീപ ഭാവിയിൽ തന്നെ നമ്മുടെ കോടതികളെല്ലാം പേപ്പർ രഹിത കോടതികളായി മാറാൻ പോവുകയാണ്.ഇപ്പൊ നിങ്ങൾ പ്രധാനമായും ഉദ്ദേശിച്ച ഒരു കാര്യം നമ്മുടെ നിയമ സഹായസംവിധാനത്തെപ്പറ്റിയാണ്.അതിൽ അതാതു നാടുകളിലെ അതാതു രാജ്യങ്ങളിലെ നിയമജ്ഞരെ കൂടി ഇതിന്റെ പാനലിന്റെ ഭാഗമായി ഉൾപ്പെടുത്തണം എന്ന് നിങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി.അതിന്റെ സാധ്യത എന്താണെന്ന് ഗൗരവമായി പരിശോധിക്കും.ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.ഇവിടെ സർക്കാർ കഴിഞ്ഞ തവണ 2021 ൽ ഞങ്ങൾ അവതരിപ്പിച്ച പ്രകടന പത്രികയിൽ 5 വർഷത്തെ പ്രവർത്തനത്തിനുള്ള ഒരു പരിപാടിയാണ് തയ്യാറാക്കിയത്.സാധാരണ നമ്മുടെ കേരളത്തിൽ അയ്യഞ്ചു വർഷമാണല്ലോ ഓരോ മുന്നണിക്കും ജനങ്ങൾ സമ്മാനിക്കാറുള്ളത്.ഇത്തവണ ജനങ്ങൾ പറഞ്ഞു നിങ്ങൾ തന്നെ അടുത്ത 5 വർഷം കൂടി കാര്യങ്ങൾ നടത്തണം എന്ന് എൽ ഡി എഫിനോട് പറഞ്ഞു.അപ്പൊ നേരത്തെ നടത്തിയ പ്രവർത്തനങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും എല്ലാം വച്ച് പരിശോധിച്ചപ്പോൾ നമുക്ക് നമ്മുടെ നാടിനെ നമുക്ക് നമ്മുടെ നാടിനെ ശരിയായ തലത്തിലേക്ക് ഉയർത്തണമെങ്കിൽ ആ ശരിയായ തലം വന്ന് ഞങ്ങൾ കാണുന്നത് ലോകത്തിലെ നിങ്ങൾക്കറിയാം നിങ്ങളെല്ലാം ജീവിക്കുന്ന ദേശങ്ങളിലെ നല്ല വികസിത രാഷ്ട്രങ്ങളുണ്ട്. മധ്യ വരുമാന രാഷ്ട്രങ്ങളുണ്ട് ആ മധ്യവരുമാന രാഷ്ട്രങ്ങളുടേതിന് തുല്യമായ ജീവിത നിലവാരത്തിലേക്ക് നമ്മുടെ നാടിനെ

ഉയർത്തണം.എല്ലാ മേഖലയിലേക്കും ഉയർത്തണം അതിനാവശ്യമായ വിവിധ മേഖലകൾ വികസിച്ച് വരണം.അതിനുള്ള ഒരു പരിപാടി 25 വര്ഷത്തേക്കുള്ള ഒരു പരിപാടി നാം തയ്യാറാക്കിയിട്ടുണ്ട്.അത് പൊതു ജനസമക്ഷം അവതരിപ്പിക്കുകയാണ് ചർച്ചയ്ക്കുവേണ്ടി.അതിന്റെ നിർദ്ദേശങ്ങൾ നിങ്ങൾക്കും സമർപ്പിക്കാനുണ്ടാകും.നിങ്ങൾക്കാണ് ഏറ്റവും കൂടുതൽ അഭിപ്രായങ്ങൾ പറയാൻ കഴിയുക. അതുപോലുള്ള സ്ഥലങ്ങളിൽ ജീവിക്കുന്നവരാണ് നിങ്ങൾ നമ്മുടെ നാടിന്റെ അനുഭവം വെച്ച് എന്തൊക്കെ ചെയ്യണമെന്ന് നിങ്ങൾക്ക് അഭിപ്രായം പറയാനുണ്ടാകും.ആ അഭിപ്രായങ്ങൾ പോലും നിങ്ങൾ രേഖപ്പെടുത്തണം എന്നതുകൂടി ഈ ഘട്ടത്തിൽ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.അതോടൊപ്പം സാംസ്കാരിക വിനിമയത്തിന്റെ കാര്യം നിങ്ങൾ ചൂണ്ടികാണിക്കുകയുണ്ടായി.പ്രവാസികളായ കലാകാരന്മാർ,കലാകാരികൾ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും,അംഗീകരിക്കുന്നതിനും ഇവിടെ വേദി ഉണ്ടാകുക എന്നും അത് ഏതു തരത്തിലാണ് സാധിക്കുക എന്നുള്ളത്.സർക്കാർ ഗൗരവമായി പരിഗണിക്കുന്നു.അതോടൊപ്പം പ്രവാസി കലോത്സവ സാധ്യത വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കൽ സാഹിത്യ അഭിരുചികളുള്ള പ്രവാസികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ, അതിനു വേദി ഒരുക്കൽ ഇത്തരം കാര്യങ്ങൾ കൂടി നമുക്ക് പരിഗണിക്കാവുന്നതാണ്.ഹെൽത്ത് ഇൻഷുറൻസിന്റെ കാര്യം നിങ്ങൾ ശരിയായ രീതിയിൽ തന്നെ ചൂണ്ടി കാണിച്ചിട്ടുണ്ട്.നിങ്ങൾ പറഞ്ഞ കാര്യത്തില് പ്രവാസികളുടെ ചികിത്സ,അപകടം, കുടുംബത്തിന്റെ ചികിത്സ,കുട്ടികളുടെ വിദ്യാഭ്യാസം മുതലായവ സ്കീമിന്റെ ഭാഗമാക്കി.കൂടുതൽ മെച്ചപ്പെട്ട സ്കീം ആരംഭിക്കാനാകും എന്നും അതാ രംഗത്തെ വിദഗ്ധരുമായി നമുക്ക് ആലോചിക്കാം എന്താണ് ചെയ്യാൻ കഴിയുക എന്നും പ്രായോഗികമായി ചെയ്യാൻ കഴിയുക എന്നും പരിശോധിക്കാം.പിന്നെ പ്രധാനമായ കാര്യം നിങ്ങൾ ഉന്നയിച്ചത് പ്രവാസികളുടെ ഡാറ്റ ശേഖരണവുമായി ബന്ധപ്പെട്ടു അതിനു പ്രവാസികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ ഡാറ്റ ഇപ്പൊ ലഭ്യമല്ല ഇത് പ്രവാസി ക്ഷേമപ്രവർത്തനങ്ങളെ വലിയ തോതിൽ തടസ്സപ്പെടുത്തുന്നു.കേന്ദ്ര സർക്കാരിന്റെ പക്കൽ കൃത്യമായ ഡാറ്റയില്ല 2018 വരെ കേരളം മൈഗ്രേഷൻ സഭയുടെ ഭാഗമായി ഏതാണ്ട് സമ്പൂർണമായി വിവരശേഖരണം ഉണ്ടായിരുന്ന് ഇപ്പൊ നാം ഉദ്ദേശിക്കുന്നത് 2022-23 വർഷം കേരള മൈഗ്രേഷൻ സർവ്വേ നടത്തി ഡാറ്റ ബാങ്ക് വിപുലീകരിക്കാനും സമഗ്രമാക്കാനും ആണ് അതിനുള്ള നടപടികൾ കൈക്കൊള്ളും. ഡാറ്റ ബാങ്ക് കൂടുതൽ

ജൈവമാക്കുന്നതിനു മലയാളി പ്രവാസി ഡാറ്റ പോർട്ടൽ വികസിപ്പിക്കും .പ്രവാസികളുടെ ഇൻഷുറൻസ് സ്കീം അനുബന്ധ സഹായ സ്കീമുകളുടെ എല്ലാം ഇതുമായി ബന്ധിപ്പിക്കാൻ നമുക്ക് കഴിയും.നിലവിലുള്ള പ്രവാസികളെ ഡാറ്റ ബാങ്കിന്റെ ഭാഗമാക്കുന്നതിനും വിപുലമായ ഗ്ലോബൽ രജിസ്ട്രേഷൻ ക്യാമ്പയ്ൻ സംഘടിപ്പിക്കാൻ കഴിയും.നമ്മുടെ കേരളത്തിൽ നല്ല സാധ്യതകളിലൊന്നാണ് ടൂറിസം.അത് നിങ്ങളുടെ പ്രത്യേകിച്ച് പറയേണ്ടതില്ല.ഗോഡ്സ് ഓൺ കൺട്രി എന്ന വിളിപ്പേര് സംസ്ഥാനത്തിന് കിട്ടിയത് പ്രകൃതി നൽകിയ വരദാനത്തിന്റെ ഭാഗമായാണ്. ഇതിനു മികച്ച പരിഗണന തന്നെയാണ് സർക്കാർ നൽകുന്നത്.പരമാവധി ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകര്ഷിക്കുന്നതിനും വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.ഇപ്പോൾ കാരവാന് ടൂറിസത്തെ പറ്റി നിങ്ങൾ തന്നെ പരാമർശിച്ചിട്ടുണ്ട്.അത് വിപുലീകരിക്കാനും ഹോംസ്റ്റേ സംവിധാനം ഇപ്പൊ തന്നെ നിലവിലുണ്ട്.തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ സഹകരണ സ്ഥാപനങ്ങൾ ഇവയുമായി ബന്ധപ്പെട്ടു നല്ലരീതിയിൽ ഈ ടൂറിസം മേഖലയെ വികസിപ്പിക്കാൻ സാധിക്കുന്നതാണ്.അതോടൊപ്പം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ,അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ ഇതെല്ലം സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാൻ കഴിയുന്നതാണ്.ഈ തരത്തിലുള്ള നടപടികളിലേക്ക് കടക്കണം എന്ന് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.ഇവിടെ ലോക പ്രവാസി സമൂഹ ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനൊരു ജനപ്രതിനിധി സഭ ഉണ്ടാകുന്നത്.നമ്മുടെ രാജ്യത്തു ഏതായാലും മറ്റൊരു സംസ്ഥാനത്തും ഇത്തരമൊന്നില്ല. ഇതാവട്ടെ സ്റ്റാറ്റ്യൂട്ടറി പദവിയുള്ള സഭയായും മെല്ലെ മാറുക തന്നെ ചെയ്യും അതിനു ഒരു സംശയവും വേണ്ട.ഇത്തരമൊരു ജനാധിപത്യ വേദിയുണ്ടാകുമ്പോൾ അതിനോട് പുറം തിറിഞ്ഞു നിൽക്കുക എന്നത് ആരുടേയും ഭാഗത്തുനിന്ന് ഉണ്ടാകാതിരിക്കേണ്ടതാണ്.ഇതിവിടെ കഴിഞ്ഞ തവണ നിർഭാഗ്യകരമായ ഒരു സംഭവം ഉണ്ടായി.അത് സഹകരിക്കാതിരുന്നു ഒരു കൂട്ടർ ഇത്തവണ ഇതിനെക്കുറിച്ചു ആലോചിക്കുന്ന ഘട്ടത്തിൽ തന്നെ ആ ആലോചന തുടങ്ങുന്നതിനു മുൻപ് തന്നെ ഞാൻ ഇതുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ടവരുമായി ചില ചർച്ചകൾ നടത്തിയിരുന്നു. ഈ പങ്കെടുക്കാതിരുന്നതിനു നേതൃത്വം കൊടുത്ത വിഭാഗത്തിന് ഇന്നത്തെ പ്രധാന സ്ഥാനത്തു ഇരിക്കുന്ന ആളുമായി ഞാൻ ചർച്ച ചെയ്തു.അപ്പൊ പങ്കെടുക്കാൻ വന്ന തരത്തിലുള്ള അഭിപ്രായമായിരുന്നു എന്നോട് പറഞ്ഞിരുന്നത് ഞങ്ങൾ ചർച്ച ചെയ്യുന്നുണ്ട്.പിന്നീടും ചോദിച്ചപ്പോൾ പങ്കെടുക്കും എന്ന്

തന്നെയാണ് എനിക്ക് കിട്ടിയ സൂചന.പക്ഷെ ഇപ്പൊ അതിനോട് പുറം തിരിഞ്ഞു നിൽക്കുകയാണ് വേണ്ടത് എന്നാണ് അവർ കരുതിയിരുന്നതു.അവരെ നയിക്കുന്നത് ഏതുതരം ജനാധിപത്യ ബോധം ആണ് എന്ന് എനിക്ക് ഒരു തരത്തിലും മനസിലാകുന്നില്ല.നിങ്ങൾ പ്രവാസി സമൂഹത്തിന്റെ വക്താക്കൾ തന്നെ അതിലെ അനൗചിത്യം അവർക്ക് ചൂണ്ടികാണിച്ചു കൊടുക്കണം.അപ്പൊ ചിലർ വല്ലാത്ത അസഹിഷ്ണുത പ്രകടിപ്പിക്കുന്നുണ്ട് ചിലർ തെറിവിളിക്കാനും തയ്യാറാകുന്നുണ്ട്.നമ്മൾ എല്ലാവരും കണ്ടല്ലോ അതിന്റെ ഭാഗമായി അത് ശരിയായില്ല എന്ന് നിങ്ങളുടെ സംഘടന തന്നെ പറയുന്ന അവസ്ഥ തന്നെ ഉണ്ടായി.ഇതുമായി ബന്ധപ്പെട്ടു എനിക്ക് പറയാനുള്ളത് ഇതിലൊരു യുഡിഎഫ് നേതാവ് പറഞ്ഞു കേട്ടത് യുഡിഫിനു വിശാല മനസ്സാണ് വളരെ നന്ദി ആ പറഞ്ഞതിന് ആ വിശാല മനസ്സിന്റെ ഭാഗാമായിട്ടാണ് നിങ്ങൾക്കു പങ്കെടുക്കാൻ സൗകര്യം കിട്ടിയത് എന്നാണ് അദ്ദേഹം പറഞ്ഞത് നന്ദി.മറ്റൊരു നേതാവ് പറഞ്ഞു അത്ര നല്ല മനസ്സല്ല എന്ന് അതിനും നന്ദി പറയാം. കാരണം വിശാല മനസ്സല്ലെങ്കിലും നിങ്ങളെ പങ്കെടുക്കാൻ അനുവദിച്ചല്ലോ.അത് നല്ല കാര്യമായി ഒരു കൂട്ടം ആളുകൾ പങ്കെടുത്തില്ലെങ്കിലും നേതാക്കന്മാർ പങ്കെടുത്തില്ലെങ്കിലും നിങ്ങളെ വിലക്കിയില്ലല്ലോ.അത് നല്ല കാര്യമായി അതിനു നന്ദി പറയാം. ഏതായാലും നിങ്ങളെല്ലാവരും എത്തി അതിനും ഞാൻ ഈ ഘട്ടത്തിൽ നന്ദി പറയുകയാണ്.നിങ്ങൾ കാര്യങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ട് നിങ്ങൾ ചിലർ സംശയിച്ചത് രാഷ്ട്രീയ കാരണമാണു ബഹിഷ്കരണത്തിന്,എനിക്ക് അത് മനസിലാകുന്നില്ല.അതായത്,ഞാനിപ്പോൾ ഈ സമ്മേളനം തുടങ്ങുന്ന ആ ദിവസവും അതിന്റെ തലേ ദിവസവുമാണ് എനിക്ക് ചെറിയൊരു അസുഖം ബാധിക്കുന്നത്.അതിന്റെ തൊട്ടുമുൻപ് തന്നെ ഞാൻ പരിപാടികളിൽ ഉണ്ട് പൊതുപരിപാടികളിലുണ്ട്.ഞാനിപ്പോൾ ഓർക്കുന്നു ഒരു പരിപാടി എറണാകുളത്ത് ചെല്ലാനത്തായിരുന്നു. ചെല്ലാനത്തെ കടൽഭിത്തി നിർമാണവുമായി ബന്ധപ്പെട്ടു നമ്മുടെ രണ്ടു മന്ത്രിമാരും അതിനകത്തു പങ്കെടുത്തിരുന്നു. വകുപ്പിൻറെ മന്ത്രിയും എറണാകുളത്തുള്ള മന്ത്രിയും. ആ കൂട്ടത്തിൽ യുഡിഎഫിന്റെ നേതാവ് ഹൈബി ഈഡനും ഉണ്ടായിരുന്നു.ആ ദിവസം ബഹിഷ്കരണം ഒന്നും കണ്ടില്ല.അവിടെയുണ്ടായിരുന്നു.അതിന്റെ അടുത്ത ദിവസമാണ് ആ ദിവസം ഏതാണ് എന്ന് ഞാൻ ഓർക്കുന്നില്ല. ഒരു സബ്ജെക്ട് കമ്മിറ്റി യോഗവുമുണ്ടായിരുന്നു.പ്രതിപക്ഷനേതാവും അവിടെയുണ്ടായിരുന്നു.ഇനിയിപ്പോൾ കുറച്ചുനാൾ കഴിഞ്ഞു ഈ മാസം നിയമസഭായോഗം നടക്കാൻ പോകുന്നു.അത് കുറച്ചു

കഴിഞ്ഞു അടുത്ത മാസം ആദ്യം എംപി മാരുടെ കോൺഫറൻസ് നടത്താൻ പോകുന്നു.ഇതിനൊക്കെ ഉണ്ടാകുമല്ലോ ആളുകൾ.ഈ നിയമസഭയിലാകാം എംപിമാരുടെ കോൺഫെറൻസിലാകാം. മറ്റു പൊതുപരിപാടികളിലാവാം.നിങ്ങൾ ഈ പരിപാടിയിൽ മാത്രം അല്ലെകിൽ നമ്മുടെ ഈ പരിപാടിയിൽ മാത്രം ആയിക്കൂടാ.അതെന്താണ് ഈ വേദി എന്നുപറയുന്നത് ആരാ എംഎൽ എ മാരും എംപിമാരും പിന്നെ പ്രവാസി സഹോദരങ്ങളായ നിങ്ങളും.അപ്പൊ എംഎൽഎമാരുടെ നിയമസഭയുമായി ബന്ധപ്പെട്ടോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടോ മറ്റു പരിപാടികളോ എല്ലാമാകാം.എംപിയുടെ പരിപാടിക്ക് പോകാം, എംപിമാരുടെ കോൺഫറൻസിനു പോകാം നിങ്ങളാണ് ബഹിഷ്കരിച്ചതു നിങ്ങൾ വരുന്ന പരിപാടിയാണ് ബഹിഷ്കരിച്ചതു.എന്താ കാര്യം അതിൽ നാം കാണേണ്ടത് തീർത്തും അപഹാസ്യകരമായ നിലപാടാണ്.ഇവിടെ സ്വാഭാവികമായും പ്രവാസി സഹോദരങ്ങൾ എപ്പോഴും നാടിന്റെ വികസനത്തെ കുറിച്ചാണ് പറയുന്നത്.വികസനമാണ് നമ്മൾ ആഗ്രഹിക്കുന്നത്.അതിലേക്ക് വലിയതോതിൽ നാടും ജനങ്ങളും ലോക മലയാളികളും മനസ്സർപ്പിച്ചു മുന്നേറുകയാണെന്നു.അതിലൊരു തടസ്സമുണ്ടാകരുത്.അതിപ്പോൾ നടക്കാൻ പാടില്ല ഇതാണ് ഈ ബഹിഷ്കരണത്തിനു പിന്നിലുള്ളതു അത് നാട് അംഗീകരിക്കുന്നതല്ല.നമ്മുടെ നാടിന്റെ വികസനം പൊതുവെ എല്ലാവരും ആഗ്രഹിക്കുന്ന കാര്യം കാര്യമാണ്.1930 കളിലാണ് മലേഷ്യയിലേക്കും സിംഗപ്പൂരിലേക്കും ഒക്കെ ഉള്ള കൂട്ടായ കുടിയേറ്റം ആരംഭിക്കുന്നത്.അവിടെയാണ് പ്രവാസി സമൂഹ ചരിത്രം ആരംഭിക്കുന്നത്. അതൊരു നൂറ്റാണ്ടിനോട് അടുത്തെത്തി നിൽക്കുകയാണ്.മലയാളികൾ ഇല്ലാത്തെയിടത്തേക്കായിരുന്നു ആദ്യത്തെ കുടിയേറ്റം .എന്നാൽ എന്ന് അത് അസാധ്യമാണ്.കാരണം മലയാളികൾ ഇല്ലാത്തെ ഒരിടവും ഇല്ല.ഏതു നാട്ടിൽ ചെന്നാലും അവിടെ മലയാളി ഉണ്ട്.ഇതാണ് മലയാളിയുടെ ഇന്നത്തെ ഗ്ലോബൽ ഫൂട്പ്രിന്റ്.ഇത് നാടിന്റെ അഭിവൃദ്ധിക്കായി ഉപയോഗിക്കാൻ ശ്രമിക്കുമ്പോൾ അതിനോട് സഹകരിക്കുകയാണ് നന്മയുള്ള എല്ലാവരും ചെയ്യേണ്ടത്.കുടുംബത്തിൽ നിന്നും നാട്ടിൽ നിന്നും എന്ത് കിട്ടും എന്ന് ചിന്തിക്കാതെ കുടുംബത്തിനും നാടിനും എന്ത് നൽകാനാകും എന്ന് ചിന്തിച്ചു ഉരുകി തീരുന്ന മെഴുകു തിരികളാണ് പ്രവാസികൾ.ത്യാഗപൂർണമായ ആ നിസ്വാർത്ഥയ്ക്കു മുന്നിൽ ഒരുമിച്ച് നമിച്ചു നിൽക്കുകയാണ് വേണ്ടത്.അവരെ ബഹിഷ്കരിക്കുന്നതു കണ്ണിൽ ചോരയില്ലാത്ത ക്രൂതയാണ്.ബഹിഷ്കരിക്കാൻ വേറെ എന്തെല്ലാം വിഷയങ്ങൾ നടക്കുന്നു.അവയിൽ എങ്ങാനും ഒതുക്കി നിർത്തിയാൽ പോരെ ബഹിഷ്കരണം.ബഹിഷ്കാരികളായിട്ടുള്ളവർ ഇത് ചിന്തിക്കുന്നത്

നല്ലതാണ്.62 രാഷ്ട്രങ്ങളിൽനിന്നും 22 സംസ്ഥാനങ്ങളിൽനിന്നുമായി എത്തിയ പ്രധിനിധികൾ പ്രകടിപ്പിച്ച ഐക്യവും മനപ്പൊരുത്തവും മനസ്സിലാക്കപ്പെടാതെ പോകരുത്. അത് മനസ്സിലാക്കാൻ നിങ്ങളെ സ്നേഹിക്കുന്ന,ആദരിക്കുന്ന നിങ്ങളുടെ പ്രവർത്തനങ്ങളെ വിലമതിക്കുന്ന ഒരു സർക്കാർ ഉണ്ട്.ആ സത്യത്തിന്റെ സൂര്യവെളിച്ചതിനു മുൻപിൽ നിങ്ങൾക്ക് മറക്കാവുന്നതേ ഉള്ളു ഒറ്റപ്പെട്ട ബഹിഷ്കരണത്തിന്റെ സ്വരം.ആദരണിയനായ യൂസുഫ് അലി ചില കാര്യങ്ങൾ ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തെ അതിന്റെ ഭാഗമായി ചിലർ വല്ലാതെ അധിക്ഷേപിച്ചതും എന്റെ ശ്രദ്ധയിലുണ്ട് .ഏതായാലും ആ കാര്യത്തിലൊക്കെ ഇതാണ് എനിക്ക് പറയാനുള്ളത് സർക്കാരിന് നിങ്ങളുടെ ഐക്യവും കേരള സമൂഹത്തിനും നിങ്ങൾക്കും ഇടയിലെ ഐക്യവും നൽകുന്ന ആത്മവിശ്വാസവും ചെറുതല്ല ഇത് മുന്നോട്ടുള്ള കാര്യക്ഷമാമായ യാത്രയ്ക്കു ഈടുറ്റ വഴിയൊരുക്കുന്നു എന്നാണു എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.നമ്മുടെ സാധാരണക്കാരൻ മുതൽ സാധാരണകാരനായ പ്രവാസി മുതൽ പ്രമുഖ വ്യവസായികളായ ഞാൻ പേരുകൾ പ്രത്യേകം എടുത്തു പറയേണ്ട കാര്യമില്ല നമ്മുടെ കൂട്ടത്തിൽ ബഹുമാന്യനായ യൂസഫ് അലിയുണ്ട്,രവി പിള്ളയുണ്ട്,ആസാദ് മൂപ്പനുണ്ട് അങ്ങനെ ഒട്ടേറെ പേരുണ്ട്.അത്തരം ആളുകൾ എല്ലാവരും ഉൾകൊള്ളുന്ന ഒരു സമൂഹമാണ് അവർ എല്ലാവരും ഏതു തലത്തിലുണ്ടായാലും കേരളത്തെ സ്നേഹിക്കുക കേരളം അഭിവൃദ്ധിപ്പെടണമെന്നു ആഗ്രഹിക്കുക.അതിനുതകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.നമ്മളോ വസുധൈവ കുടുംബകം എന്ന് പറഞ്ഞ ഒരു നാടാണ്.ലോകമാകെ ഒരു കുടുംബം ആ സങ്കൽപം യാഥാർഥ്യമാകുകയാണ്. ഇവിടെ ഒരുവിധ ഭേദ ചിന്തകൾക്കും ഇടമില്ലാത്ത വിധം ലോകത്താകെയുള്ള മലയാളികൾ ഒരുമനസ്സായി ഒരുമിക്കുന്ന ഒരു വേദി നാം ഇവിടെ യാഥാർത്യമാക്കിയിരിക്കുന്നു.കുടുംബത്തിന്റെ ഒരുമിപ്പിനും ഐശ്വര്യത്തിനും കുടുംബാംഗങ്ങൾ ആകെ പരിശ്രമിക്കുമെന്നുള്ള ഒരുമയോടെ ഉള്ള യത്നത്തിന്റെ ദൗത്യം നാം ഏറ്റെടുക്കുകയാണ് മൂന്നാം സമ്മേളനത്തിന്റെ പരിസമാപ്തിയോടെ നമ്മൾ.വിജയത്തിലേക്ക് തന്നെയാണ് നമ്മളുടെ യാത്ര അതിന്റെ സ്ഥിതീകരണമാകും നാലാം സമ്മേളനത്തിൽ കാണുക എന്ന പ്രത്യാശ പങ്കുവെച്ചു കൊണ്ട് ഉപസംഹരിക്കട്ടെ.നിങ്ങൾക്ക് സ്നേഹാഭിവാദ്യം